# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 546 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## ചരക്കുസേവനനികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. അബ്ദുറഹിമാൻ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കയറ്റുമതി നടത്തുന്നവർക്കും അതോടൊപ്പം തന്നെ പ്രത്യേക സാമ്പത്തികമേഖലയിലേക്ക് ചരക്കുകളും സേവനങ്ങളും നൽകുന്നവർക്കും ഉറവിടത്തിൽ നിന്നും അധികമായി പിടിച്ച ചരക്കുസേവനനികുതി തിരിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കയറ്റുമതി നടത്തുന്നവർക്കും അതോടൊപ്പം തന്നെ പ്രത്യേക സാമ്പത്തിക മേഖലയിലേയ്ക്ക് ചരക്കുകളും സേവനങ്ങളും നൽകുന്നവർക്കും അടച്ച തുക തിരിച്ചുനൽകുവാൻ സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ 5/2018, 9/2018 എന്നീ സർക്കുലറുകൾ പ്രകാരം വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ നിർദേശങ്ങളുടെ വെളിച്ചത്തിൽ റീഫണ്ട് അപേക്ഷകളിൻ മേൽ എത്രയും വേഗം തീർപ്പുകൽപിക്കേണ്ടതാണെന്നും അർഹമായ കേസുകളിൽ യാതൊരു കാരണവശാലും കാലതാമസം വരുത്തുവാൻ പാടുള്ളതല്ലെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർമാർക്ക് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. ഇത്തരം നിർദേശങ്ങളുടെ ഫലമായി ചരക്കുസേവന നികുതി റീഫണ്ടുകളിലെ കാലതാമസത്തെക്കുറിച്ചുള്ള പരാതികളുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരുന്നതായാണ് കണ്ടുവരുന്നത്. റീഫണ്ടുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിലുള്ള കാലതാമസം മൂലമോ, അത്തരം രേഖകളുടെ വിശ്വസനീയത തെളിയിക്കുവാൻ സമയം വേണ്ടിവരുമ്പോഴോ |

| | | | |
|---|---|---|---|
| | | | മാത്രമേ റീഫണ്ട് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ കഴിയാതെ വരുന്നുള്ളൂ. |
| (ബി) | പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് കൈപ്പറ്റിയ നികുതിതുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചു നൽകാൻ കഴിയുന്ന തരത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | പൂർണ്ണമായ അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി റീഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ അപൂർണ്ണമായ അപേക്ഷകളോ അനുബന്ധ രേഖകളോ സമർപ്പിക്കുന്ന കേസുകളിലാണ് കാലതാമസം ഉണ്ടാകുന്നത്. പൂർണ്ണമായ അപേക്ഷ സമർപ്പിച്ച കേസുകളിൽ നികുതി വകുപ്പ് കൈപ്പറ്റിയ നികുതിതുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചു നൽകാൻ കഴിയുന്നില്ല എന്ന പരാതികളിന്മേൽ നികുതിവകുപ്പ് കാര്യക്ഷമവും സമയ ബന്ധിതവുമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മേൽ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ